## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 750 — 30/06/2011-ൽ മറുപടിക്ക്

### എസ്.എസ്.എ.യിൽ നിന്നും സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഫണ്ട്

| ചോദ്യം<br>ശ്രീമതി കെ. കെ. ലതിക : | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | എസ്.എസ്.എ.യിൽ നിന്നും സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | എ) | സ്കൂളിലെ ക്ലാസ്സുമുറികളുടെ കുറവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തലം, പഞ്ചായത്തുതലം, ജില്ലാതലം എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നു. സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച വിവരങ്ങൾ കേന്ദ്രസർക്കാരിൽ സമർപ്പിക്കുകയും കേന്ദ്രസർക്കാർ സൂക്ഷ്മ പരിശോധന നടത്തി ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു. ഇതിന് DISE Data യാണ് കേന്ദ്രസർക്കാർ മാനദണ്ഡമായി കണക്കാക്കുന്നത്. |
| ബി) | ഈ വർഷം മുതൽ ഫണ്ട് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ? | ബി) | ഈ വർഷം കേന്ദ്രസർക്കാർ അധിക ക്ലാസ് മുറികളോ,പുതിയ കെട്ടിടങ്ങളോ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ